REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 12-02-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **വിദ്യാഭ്യാസം, ഗവേഷണം, ആരോഗ്യ സംരക്ഷണം, യുനാനി സമ്പ്രദായത്തിൽ മരുന്നുകളുടെ നിർമ്മാണം എന്നീ മേഖലകളിൽ ഇന്ത്യ ലോകത്തെ നയിക്കുന്നുവെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും പാരീസിൽ 14-ാമത് ഇന്ത്യ-ഫ്രാൻസ് CEO ഫോറത്തെ അഭിസംബോധന ചെയ്തു.**
- **കാട്ടാന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ഉന്നതതലയോഗം ഇന്ന് തിരുവനന്തപുരത്ത്.**
- **50,000 മുൻഗണനാ റേഷൻകാർഡുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും.**
- **38-ാമത് ദേശീയ ഗെയിംസിൽ കേരളം ഇന്നലെ നാലു വെള്ളിയും മൂന്നു വെങ്കലവും ഉൾപ്പെടെ ഏഴ് മെഡലുകൾ നേടി.**
- **ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് അഹമ്മദാബാദിൽ.**

## വാർത്തകൾ വിശദമായി

വിദ്യാഭ്യാസം, ഗവേഷണം, ആരോഗ്യ സംരക്ഷണം, യുനാനി സമ്പ്രദായത്തിൽ മരുന്നുകളുടെ നിർമ്മാണം എന്നീ മേഖലകളിൽ ഇന്ത്യ ഇന്ന് ലോകത്തെ നയിക്കുന്നുവെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. യുനാനി

ദിനത്തോടനുബന്ധിച്ച് ദ്വിദിന അന്താരാഷ്ട്ര സമ്മേളനം  ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി.  യുനാനി സംവിധാനവുമായി ബന്ധപ്പെട്ട ഗവേഷകരും പരിശീലകരും ആധുനിക രീതികളുടെയും സാങ്കേതികവിദ്യയുടെയും ഉപയോഗപ്രദമായ വശങ്ങൾ സ്വീകരിക്കുന്നതിൽ അവർ സന്തോഷം പ്രകടിപ്പിച്ചു.

പ്രമുഖ യുനാനി ഭിഷഗ്വരനും വിദ്യാഭ്യാസ വിചക്ഷണനും സ്വാതന്ത്ര്യ സമര സേനാനിയുമായ ഹക്കിം അജ്മൽ ഖാന്റെ ജന്മദിനമായ ഫെബ്രുവരി 11, 2016 മുതൽ എല്ലാ വർഷവും യുനാനി ദിനമായി ആചരിച്ചു വരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും പാരീസിൽ  14-ാമത് ഇന്ത്യ-ഫ്രാൻസ് CEO ഫോറത്തെ അഭിസംബോധന ചെയ്തു. ബിസിനസ്സ് ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന്  പ്രതിബദ്ധത ഇരു നേതാക്കാളും ആവർത്തിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.........വോയ്സ്........

പ്രതിരോധം, എയ്റോസ്പേസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, അടിസ്ഥാന സൗകര്യം, സുസ്ഥിര വികസനം തുടങ്ങിയ പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഇരു രാജ്യങ്ങളിലെയും വ്യവസായ പ്രമുഖർ ഫോറത്തിൽ പങ്കെടുത്തു.

സുസ്ഥിരമായ നയങ്ങൾക്കും സമീപകാല സാമ്പത്തിക പരിഷ്കരണങ്ങൾക്കും ഊന്നൽ നൽകി, ആഗോള നിക്ഷേപ കേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ വർദ്ധിച്ചുവരുന്ന ആകർഷണീയത പ്രധാനമന്ത്രി മോദി പ്രസംഗത്തിൽ എടുത്തുപറഞ്ഞു. ഇൻഷുറൻസ് മേഖലയിൽ 100 ശതമാനം വിദേശ നിക്ഷേപം കൊണ്ടുവരുന്നതും  സിവിൽ ആണവോർജത്തിൽ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതും  ബിസിനസ്സ്  എളുപ്പമാക്കുന്നതിന് നികുതി ഘടനകൾ ലളിതമാക്കുന്നതും പ്രധാനമന്ത്രി പ്രതിപാദിച്ചു.  നിയന്ത്രണ പരിഷ്കരണങ്ങൾ എങ്ങനെയാണ് ഇന്ത്യയുടെ സാമ്പത്തിക ഭരണത്തെ കൂടുതൽ വിശ്വാസാധിഷ്ഠിതവും കാര്യക്ഷമവുമാക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

പ്രതിരോധം, ഊർജം, വ്യോമയാനം, ബഹിരാകാശം, ഫിൻടെക്, ആരോഗ്യസംരക്ഷണം തുടങ്ങിയ മേഖലകളിൽ  നിക്ഷേപ സാധ്യതകൾ കണ്ടെത്താൻ പ്രധാനമന്ത്രി ഫ്രഞ്ച് കമ്പനികളെ ക്ഷണിച്ചു.

വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കറും ഫോറത്തെ അഭിസംബോധന ചെയ്തു.

AI ആക്ഷൻ ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി എസ്തോണിയ പ്രസിഡന്റ് അലർ കാരിസുമായി  കൂടിക്കാഴ്ച നടത്തി. ഇരു നേതാക്കളും തമ്മിലെ ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇത്.

✪✪✪

സംസ്ഥാനത്തെ കാട്ടാന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ വനം വകുപ്പിലെ എല്ലാ വിഭാഗം മേധാവികളും പങ്കെടുക്കുന്ന ഉന്നതതലയോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. ഉച്ച കഴിഞ്ഞ് വനം വകുപ്പ് ആസ്ഥാനത്ത് മന്ത്രി AK ശശീന്ദ്രന്റെ നിർദേശമനുസരിച്ചാണ്  യോഗം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

........വോയ്സ്...........

വന്യജീവി വിഷയവുമായി ബന്ധപ്പെട്ട് ഫീൽഡ് ഡ്യൂട്ടിയിൽ പങ്കെടുക്കേണ്ടതില്ലാത്ത സോഷ്യൽ ഫോറസ്ട്രി, ഗവേഷണം തുടങ്ങി  എല്ലാ വിഭാഗങ്ങളും സംയുക്തമായി പ്രവർത്തിക്കുന്ന കാര്യം യോഗം  ചർച്ച ചെയ്യും. പട്രോളിംഗ് ശക്തിപ്പെടുത്താൻ എല്ലാ വിഭാഗങ്ങളിലെയും ഉദ്യോഗസ്ഥരെ പ്രയോജനപ്പെടുത്തും. വനം വകുപ്പിൽ ആർ.ആർ.ടി വിഭാഗങ്ങളിലും മറ്റ് ഫീൽഡ് ഡ്യൂട്ടി ചെയ്യുന്ന വിഭാഗങ്ങളിലും ആവശ്യമായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാകാത്തതിനാലാണ് ഇത്തരത്തിൽ എല്ലാവിഭാഗങ്ങളെയും ഉൾപ്പെടുത്തുന്ന കാര്യം വകുപ്പ് ആലോചിക്കുന്നത്. ഈ സാഹചര്യത്തിലാണ് തദ്ദേശീയരായ നാട്ടുകാരും യുവാക്കളും അടങ്ങുന്ന സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി  പ്രൈമറി റെസ്പോൺസ് ടീം അഥവാ പി.ആർ.ടി എന്ന പേരിൽ പ്രത്യേക സംഘം രൂപീകരിച്ചു വരുന്നതെന്ന് മന്ത്രി  AK ശശീന്ദ്രൻ അറിയിച്ചു.

✪✪✪

വയനാട്ടിൽ വന്യജീവി ആക്രമണത്തിൽ പ്രതിഷേധിച്ച് ഫാർമേഴ്സ് റിലീഫ് ഫോറവും തൃണമൂൽ കോൺഗ്രസും പ്രഖ്യാപിച്ച ഹർത്താൽ ആരംഭിച്ചു. വൈകിട്ട് ആറ് വരെയാണ് ഹർത്താൽ.  ഹർത്താലുമായി സഹകരിക്കില്ലെന്ന് വ്യാപാരി വ്യവസായി ഏകോപന സമിതിയും, പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷനും അറിയിച്ചു.

നൂൽപുഴയിൽ  ആദിവാസി യുവാവായ മാനു കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടതിനെ തുടർന്ന് രാഷ്ട്രീയ പാർട്ടികളുടെ  നേതൃത്വത്തിൽ ഇന്നലെ പ്രതിഷേധവും പിക്കറ്റിഗും നടന്നിരുന്നു.

✪✪✪

ആശ്വാസകിരണം പദ്ധതിയ്ക്ക് പത്തുകോടി രൂപ അനുവദിച്ചതായി മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായ വിധം കിടപ്പിലായ രോഗികളെയും മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗമുള്ളവരെയും പരിചരിക്കുന്നവർക്ക് ഗവൺമെന്റ് നൽകുന്ന പ്രതിമാസ ധനസഹായ പദ്ധതിയാണ് ആശ്വാസ കിരണം.

✪✪✪

സംസ്ഥാനത്ത് പകൽ താപനില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സൂര്യാഘാത സാധ്യത കണക്കിലെടുത്ത് വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയം മെയ് 10 വരെ പുനക്രമീകരിച്ചു.

രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ എട്ട് മണിക്കൂറായി ജോലി സമയം നിജപ്പെടുത്തി. പകൽ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികൾക്കും ഉച്ചയ്ക്ക് 12 മുതൽ വൈകിട്ട് മൂന്ന് വരെ വിശ്രമവേളയായിരിക്കും. ഷിഫ്റ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഷിഫ്റ്റുകൾ ഉച്ചയ്ക്ക് 12 മണിക്ക് അവസാനിക്കുന്ന തരത്തിലും വൈകുന്നേരം 3 മണിക്ക് ആരംഭിക്കുന്ന തരത്തിലുമാണ് പുനക്രമീകരണമെന്ന് ലേബർ കമ്മിഷണർ സഫ്ന നസറുദ്ദീൻ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

50,000 മുൻഗണനാ റേഷൻകാർഡുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് നിർവഹിക്കും.

മുൻഗണനേതര റേഷൻകാർഡുകൾ തരംമാറ്റുന്നതിന് 2024 നവംബർ 15 മുതൽ ഡിസംബർ 15 വരെ 75,563 പേർ ഓൺലൈനായി അപേക്ഷ സമർപ്പിച്ചിരുന്നു. സൂക്ഷ്മപരിശോധനയിൽ 73,970 അപേക്ഷകൾ മുൻഗണനാ കാർഡിന് അർഹരാണെന്ന് കണ്ടെത്തി. മാനദണ്ഡപ്രകാരം 30 മാർക്കിന് മുകളിൽ ലഭിച്ച 63,861 അപേക്ഷകരിൽ ആദ്യ അമ്പതിനായിരം പേർക്കാണ് ഇപ്പോൾ മുൻഗണനാകാർഡുകൾ നൽകുന്നതെന്ന് മന്ത്രി GR അനിൽ അറിയിച്ചു. ശേഷിക്കുന്നവർക്ക് ഒഴിവ് വരുന്ന മുറയ്ക്ക് മുൻഗണനാകാർഡുകൾ വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

കാസർകോട് ജില്ലയിൽ തദ്ദേശ ഭരണസ്ഥാപനങ്ങളിലെ വാർഡ് വിഭജനങ്ങളുമായി ബന്ധപ്പെട്ട് ഡീലിമിറ്റേഷൻ കമ്മീഷൻ തെളിവെടുപ്പ് നടത്തി. പരാതികൾ വിശദമായി പരിശോധിച്ച് മാർഗനിർദേശങ്ങൾക്ക് അനുസൃതമായി

നടപടി സ്വീകരിക്കുമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ കൂടിയായ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ചെയർമാൻ A ഷാജഹാൻ അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ.

.........വോയ്സ്......

നിലവിൽ 10 ജില്ലകളിൽ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് തെളിവെടുപ്പ് നടന്നു കഴിഞ്ഞു. കാസർകോട് ജില്ലയിൽ 854 പരാതികളാണ് പരിഗണിച്ചത്. കമ്മീഷന് മുന്നിലെത്തിയ മുഴുവൻ പരാതികളും നേരിൽ കേട്ടുവെന്നും ജില്ലാ തലത്തിലുള്ള തെളിവെടുപ്പ് അവസാനിച്ച ശേഷം പരാതികൾ വീണ്ടും പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും കമ്മീഷൻ ചെയർമാൻ A ഷാജഹാൻ അറിയിച്ചു.

✪✪✪

ഡെറാഡൂണിൽ 38-ാമത് ദേശീയ ഗെയിംസിൽ കേരളം ഇന്നലെ നാലു വെള്ളിയും മൂന്നു വെങ്കലവും ഉൾപ്പെടെ ഏഴ് മെഡലുകൾ നേടി. ഇതോടെ കേരളത്തിന്റെ മെഡൽനേട്ടം 50 ആയി.

ജിംനാസ്റ്റിക്സിലെ അക്രോബാറ്റിക്സിൽ മത്സരിച്ച മൂന്ന് ഇനങ്ങളിലും കേരളത്തിന് മെഡൽ ലഭിച്ചു. ഗ്രൂപ്പ് ഇനമായ പുരുഷവിഭാഗം അക്രോബാറ്റിക്സിലും മിക്സ് പെയറിലും വെള്ളി നേടിയപ്പോൾ വുമൺസ് പെയറിൽ വെങ്കലം സ്വന്തമാക്കി. ട്രംപോളിനിൽ കേരളത്തിനായി മനു മുരളി വെള്ളി സ്വന്തമാക്കി. ജൂഡോയിൽ 70 കിലോ വിഭാഗത്തിൽ ദേവീ കൃഷ്ണയാണ് വെങ്കലം നേടിയത്. ട്രിപ്പിൾ ജംപിൽ മുഹമ്മദ് മുഹസിൻ വെങ്കലം നേടി.

കേരളം മെഡൽ പ്രതീക്ഷിച്ച പുരുഷ 800 മീറ്ററിൽ സർവീസസിന്റെ മലയാളി താരം പി. മുഹമ്മദ് അഫ്സൽ സ്വർണമണിഞ്ഞു

പുരുഷ വിഭാഗം ഫാസ്റ്റ് ഫൈവ് നെറ്റ്ബോളിൽ കേരളം വെള്ളി സ്വന്തമാക്കി.

54 സ്വർണം ഉൾപ്പെടെ 97 മെഡലുകളുമായി സർവീസസ് ഒന്നാം സ്ഥാനത്ത് തുടരുകയാണ്. മഹാരാഷ്ട്രയാണ് രണ്ടാമത്. 12 സ്വർണവും 16 വെള്ളിയും 22 വെങ്കലും ഉൾപ്പെടെ 50 മെഡലുകൾ നേടിയ കേരളം ഒമ്പതാം സ്ഥാനത്തും തുടരുന്നു.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഇന്ന്. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30നാണ് മത്സരം. ആദ്യ രണ്ട് മത്സരങ്ങളും വിജയിച്ച ഇന്ത്യ പരമ്പര ഇതിനകം സ്വന്തമാക്കിയിട്ടുണ്ട്.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ ജയം ലക്ഷ്യമിട്ട് ഗോകുലം കേരള FC ഇന്നു ഇറങ്ങും. കോഴിക്കോട് കോർപറേഷൻ  സ്റ്റേഡിയത്തിൽ രാത്രി ഏഴിന് നടക്കുന്ന കളിയിൽ കശ്മീർ FCയാണ് എതിരാളി. കിരീടപ്പോരാട്ടത്തിലേക്ക് തിരിച്ചെത്താൻ ഗോകുലത്തിന് വിജയം അനിവാര്യമാണ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി, ഗോവയുമായി ഏറ്റുമുട്ടും. മുംബൈ ഫുട്ബോൾ അരീനയിൽ വൈകീട്ട് 7.30 നാണ് മത്സരം.

✪✪✪

കുംഭമാസ പൂജയ്ക്കായി ശബരിമല നട വൈകിട്ടു തുറക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി

ശ്രിജി S ശ്രീധർ.

(വോയ്സ് ..............)

കുംഭം ഒന്നായ നാളെ മുതൽ 17 വരെ പൂജകളും അഭിഷേകവും നടക്കും. വെർച്വൽ ക്യൂ ബുക്കു ചെയ്തും സ്പോട്ട്ബുക്കിംഗ് നടത്തിയും തീർഥാടകർക്ക് ദർശനം നടത്താം. പമ്പയിൽ മതിയായ ജലനിരപ്പ് ഉറപ്പാക്കുന്നതിന് ഇന്നു മുതൽ 17 വരെ കുള്ളാർ ഡാം തുറന്ന് പ്രതിദിനം 20,000 ഘനമീറ്റർ  ജലം തുറന്നു വിടും. പമ്പാ നദിയിൽ അഞ്ച് സെന്റിമീറ്റർ വരെ ജലനിരപ്പ് ഉയരാം എന്നതിനാൽ സമീപവാസികൾ, തീർഥാടകർ തുടങ്ങിയവർ ശ്രദ്ധിക്കണം.

✪✪✪

കണ്ണൂർ സെൻട്രൽ ജയിലിലെ അന്തേവാസികൾ നിർമിച്ച വിത്ത് പേനകൾ വയനാട് പ്രളയ ദുരന്ത മേഖലയിലെ വിദ്യാലയങ്ങൾക്ക് നൽകും. രണ്ടായിരത്തോളം  പേനകളാണ് നൽകുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ

.........വോയ്സ്...........

ദുരിത മേഖലയിലെ മൂന്ന് വിദ്യാലയങ്ങളിൽ പഠിക്കുന്ന ആയിരത്തി എണ്ണൂറിൽ പരം വിദ്യാർഥികൾക്കാണ് അവരുടെ വാർഷിക പരീക്ഷക്ക് വേണ്ട പേനകൾ സമ്മാനിക്കുന്നത്  തികച്ചും പരിസ്ഥിതി സൗഹൃദമായ വസ്തുക്കൾ മാത്രം ഉപയോഗിച്ചാണ് ജയില് അന്തേവാസികൾ പേനകൾ നിർമ്മിച്ചത്.  കണ്ണൂർ സെൻട്രൽ ജയിലിനെ നെറ്റ് കാർബൺ സീറോ ജയിലാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന  ഹരിത സ്പർശം പദ്ധതിയുടെ ഭാഗമായാണ് വിത്ത് പേനകൾ നിർമ്മിച്ചത്. ചിറക്കൽ ലയൺസ് ക്ലബ്ബുമായി സഹകരിച്ചായിരുന്നു നിർമ്മാണം. പേനകൾ കൈമാറുന്ന ചടങ്ങ് കണ്ണൂർ കുടുംബ കോടതി ജഡ്ജ് ആർ.എൽ.ബൈജു ഉദ്ഘാടനം ചെയ്തു.

✪✪✪

പെരിന്തൽമണ്ണ  കുന്നപ്പള്ളി അടിവാരം ക്ഷേത്ര വേലക്കിടയിൽ ആന ഇടഞ്ഞു.

താലപ്പൊലിയുടെ താലം നിരത്തൽ കഴിഞ്ഞ് തിരിച്ച് എഴുന്നെള്ളിപ്പ് നടക്കുമ്പോഴാണ് ആന ഇടഞ്ഞത്. പാടത്തേക്ക് ഓടിയ ആന അടുത്തുണ്ടായിരുന്ന കുഴിയിൽ വീണു.  ജെ.സി.ബി കൊണ്ടുവന്ന് മണ്ണ് നീക്കിയാണ് ആനയെ പുറത്തെത്തിച്ചത്.

✪✪✪

നിയമം ലംഘിച്ച് കടലിൽനിന്ന് ചെറുമൽസ്യങ്ങളെ പിടിച്ച മൽസ്യബന്ധന ബോട്ട് ഫിഷറീസ് മറൈൻ എൻഫോഴ്സ്മെന്റ് സംഘം പിടികൂടി. കൊല്ലം നഗരത്തിലെ ഫിഷ് ലാൻഡിങ് സെന്ററുകൾ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനയിലാണ് ബോട്ട് കസ്റ്റഡിയിലെടുത്തത്.

✪✪✪

*News Editor:*
*News Reader: ഹക്കീം കൂട്ടായി*
*Casual News Reader : നിമിഷ ജി, ശരണ്യ രാജൻ*
*DEO: സുബോധ് സി കെ*